

# മുഹമ്മദ് നബി വഴിയും പ്രകാശവും

യു.കെ കുമാരൻ

**പ്രവാചകൻ** മുഹമ്മദ് നബി ലോകത്തിന്റെ അത്ഭുതങ്ങളിലൊന്നാണ്. വിശുദ്ധ ഖുർആനിൽ പറയുന്നതുപോലെ മനുഷ്യകുലത്തിലേക്ക് 'വ്യക്തമായ പ്രകാശം' ഇറക്കിക്കൊടുത്ത മഹദ്‌വ്യക്തിയാണ്. പ്രപഞ്ചത്തിന്റെ സഞ്ചാര പഥങ്ങളിൽ പ്രവാചകന്മാരെ ഏറെ കാണാൻ കഴിയുമെങ്കിലും മുഹമ്മദ് നബിയെപ്പോലെ ഭൗതികമായും ആത്മീയമായും സമൂഹത്തെയാകെ പരിവർത്തനവിധേയമാക്കിയ ഒരാളെ കാണാൻ കഴിയില്ല. താൻ ഇടപെട്ട കാലത്തിന്റെ ദ്രുതഗതിയിലുള്ള മാറ്റത്തിന് നേതൃത്വം കൊടുക്കാനും അതിന്റെ സാക്ഷാത്കാരത്തിന് സാക്ഷിയാകാനും പ്രവാചക പരമ്പരയിൽ മുഹമ്മദ് നബിക്ക് മാത്രമാണ് സാധിച്ചത്. ചരിത്രത്തിൽ മുഹമ്മദ് നബി ഒറ്റപ്പെട്ട ഒരു പ്രകാശ ഗോപുരമാണ്.



വളരെ സാധാരണവും വളരെ അസാധാരണവുമായ ജീവിത സാഹചര്യത്തിൽ ഇഴചേർന്നുകൊണ്ട് വ്യത്യസ്തമായ ഒരു കർമപഥം തന്നെ മുഹമ്മദ് നബി മനുഷ്യസമൂഹത്തിന് പരിചയപ്പെടുത്തുകയായിരുന്നു. അന്നത്തെ കാലത്തിന് ഉൾക്കൊള്ളാൻ കഴിയാത്ത തികച്ചും നൂതനമായ കാര്യങ്ങൾ കാലത്തിന് മുമ്പിൽ സമർപ്പിക്കുന്ന ഒരു സാധാരണ മനുഷ്യനായിരുന്നു മുഹമ്മദ് നബി. എന്നിട്ടും അവിശ്വസനീയമായ

വേഗതയിൽ സ്വയം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തെ തന്നോടൊപ്പം ചേർത്തു നിർത്താൻ മുഹമ്മദ് നബിക്ക് കഴിഞ്ഞു. അപ്പോഴൊന്നും ബലപ്രയോഗത്തിന്റെ ഭാഷയോ വ്യത്യസ്തനാകാനുള്ള ശ്രമമോ പ്രവാചകന്റെ ഭാഗത്തു നിന്നും ഉണ്ടായില്ല. തന്നോടൊപ്പം ചേർന്നു നിൽക്കുന്നവരിൽ അലിഞ്ഞുചേർന്നുകൊണ്ട് തിരിച്ചറിയപ്പെടരുതെന്ന ശാഠ്യത്തോടെയുള്ള ശരീരഭാഷയുമായി കഴിയാനാണ് നബി ആഗ്രഹിച്ചത്. എന്നിട്ടും എല്ലാ സമൂഹവും പ്രവാചകനെ തിരിച്ചറിയുകയും അദ്ദേഹത്തിന്റെ വിശുദ്ധമായ വാക്കുകൾക്കു വേണ്ടി കാതോർക്കുകയുംചെയ്തു. ആത്മശുദ്ധീകരണത്തിന്റെ പാതയിൽ ബലപ്രയോഗം പാടില്ലെന്ന് മുഹമ്മദ് നബി നിഷ്കർഷിച്ചിരുന്നു. അനുനയത്തിന്റെ ഭാഷയിലൂടെ അനുയായി വൃന്ദങ്ങൾ സ്വയം വളർന്നുവരുന്നു എന്ന അത്ഭുതകരമായ കാഴ്ചക്കാണ് കാലം പിന്നീട് സാക്ഷിയായത്.

ആത്മീയതയും രാഷ്ട്രീയവും പരസ്പര പൂരകമായ ഒന്നല്ല. എന്നാൽ പൊരുത്തമില്ലാത്ത ഈ ദ്വന്ദ്വാവസ്ഥയെ സമന്വയിപ്പിക്കാൻ കഴിഞ്ഞു എന്ന അത്ഭുതപ്രതിഭാസവും പ്രവാചകന്റെ കർമങ്ങളിൽ കാണാൻ കഴിയുന്നതാണ്. ഇരുളടഞ്ഞ ഒരു ഭൂഖണ്ഡത്തെ മുഴുവൻ തന്റെ വാക്കുകളുടെ തുമ്പത്ത് നിർത്തി വെളിച്ചത്തിന്റെ ഒരു ലോകത്തിലേക്ക് നയിക്കാൻ മുഹമ്മദ് നബിക്ക് കഴിഞ്ഞു. അദ്ദേഹത്തിന്റെ മരണത്തിന് മുമ്പുതന്നെ അറേബ്യ മുഴുവൻ പ്രവാചകന്റെ ദർശനത്തിന് വിധേയമായിക്കഴിഞ്ഞിരുന്നു. ഒരു ഭരണാധികാരിയെയോ ഒരു വിശ്വാസ കാഴ്ചപ്പാടിനെയോ അംഗീകരിക്കാതിരുന്ന അറേബ്യയിലെ ഗോത്ര സമൂഹം പ്രവാചകന്റെ മാന്ത്രിക സാന്നിധ്യത്തിൽ അതിരുകളില്ലാത്ത സമൂഹമായി മാറി എന്നത് ആ നൂറ്റാണ്ടിലെ ഏറ്റവും അത്ഭുതകരമായ ഒരു പരിവർത്തനമായിരുന്നു. രാഷ്ട്രീയവും ആത്മീയതയും സമന്വയിപ്പിക്കപ്പെട്ടതുകൊണ്ടാണ് അറേബ്യയിൽ ഈ മാറ്റം സാധ്യമായത്.

വ്യക്തിഗതവും സാമൂഹികവുമായ മണ്ഡലങ്ങളിൽ മുഹമ്മദ് നബി സൃഷ്ടിച്ചിട്ടുള്ള വിപ്ലവകരമായ മാറ്റം സമാനതകളില്ലാത്തതാണ്. പ്രാകൃതമായ ആചാരങ്ങളിൽ അഭിരമിച്ചിരുന്ന ഒരു സമൂഹത്തെയാണ് ചുരുങ്ങിയ കാലത്തിനുള്ളിൽ രൂപാന്തരപ്പെടുത്തിയത്. അവർക്ക് മുമ്പിൽ ഏറ്റവും വ്യക്തവും സങ്കീർണവുമല്ലാത്ത ഒരു ജീവിതരീതി പ്രതിഷ്ഠിക്കാനും പ്രവാചകന് കഴിഞ്ഞു. ഇതുപോലെ തന്നെ പ്രാധാന്യമേറിയതാണ് വ്യക്തിജീവിതത്തിൽ നബി വരുത്തിയ പരിഷ്കാരങ്ങൾ. സ്വകാര്യമായ ആഹ്ലാദങ്ങളെ ഒന്നും തിരസ്കരിക്കാതെ ദൈവവുമായി അടുക്കാനുള്ള നിർദേശങ്ങളാണ് പ്രവാചകൻ അനുയായികൾക്ക് മുമ്പിൽ സമർപ്പിച്ചത്. അന്നുവരെ പിന്തുടർന്നുവന്ന ജീവിതരീതിയെ മൊത്തം ക്രമപ്പെടുത്തിക്കൊണ്ട് തികച്ചും നവീനമായ ഒന്നിനെ പ്രതിഷ്ഠിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അക്കാലത്തെ എല്ലാ ചിന്തകൾക്കും രീതികൾക്കും അന്യമായ ഒരു പെരുമാറ്റ സംഹിതയായിരുന്നു അത്. ഇതിനോടൊക്കെ പുറംതിരിഞ്ഞുനിൽക്കുന്നവർ ഏറെയുണ്ടായിരുന്നുവെങ്കിലും വലിയൊരു വിഭാഗം നബിയുടെ വചനങ്ങൾ പിന്തുടരുകയാണുണ്ടായത്. എന്നാൽ എതിർത്തവർ പോലും പിന്നീട് നബിദർശനങ്ങളിൽ ആകൃഷ്ടരായി പുതിയൊരു ജീവിതശൈലിയെ പിൻപറ്റുന്നതാണ് ചരിത്രത്തിൽ കണ്ടത്.

സാമൂഹിക മണ്ഡലങ്ങളിൽ പ്രവാചകൻ വരുത്തിയ ഏറ്റവും വലിയ തിരുത്തൽ സ്ത്രീകളെ മുൻനിർത്തിയിട്ടുള്ളതാണ്. സ്ത്രീകൾക്ക് യാതൊരു പ്രാധാന്യവും ഇല്ലാത്ത സാമൂഹിക വ്യവസ്ഥയിൽ സ്ത്രീകളെ മുഖ്യധാരയിലെത്തിക്കാൻ മുഹമ്മദ് നബിക്ക് കഴിഞ്ഞു. ബഹുഭാര്യാത്വം നിലനിന്നിരുന്ന കാലത്ത് അതിനെ പൂർണ

മായും നിയന്ത്രിക്കുക എന്നത് ഏറെ ദുഷ്കരമായിരുന്നു. ആ പശ്ചാത്തലത്തിൽ ഭാര്യമാരുടെ എണ്ണം പരിമിതപ്പെടുത്താനാണ് മുഹമ്മദ് നബി ശ്രമിച്ചത്. എല്ലാ ഭാര്യമാർക്കും തുല്യനീതി നടപ്പിലാക്കാൻ കഴിയുന്നുണ്ടെങ്കിൽ മാത്രമേ ബഹുഭാര്യാത്വം സാർഥകമാവൂ എന്നും നബി നിഷ്കർഷിച്ചു. അതോടൊപ്പം പ്രവാചകൻ മറ്റൊരു സത്യം മുന്നറിയിപ്പു പോലെ സമൂഹത്തിന് നൽകുകയും ചെയ്തു: 'ഭാര്യമാർക്കിടയിൽ തുല്യനീതി നടപ്പിലാക്കുക അസാധ്യമാണ്'. ഈ നിലപാട് വ്യക്തമാക്കിക്കൊണ്ട് ബഹുഭാര്യാത്വത്തെ നിരുത്സാഹപ്പെടുത്തുകയാണ് മുഹമ്മദ് നബി ചെയ്തത്. വിവാഹമോചനം എന്നത് പുരുഷന് മാത്രം അവകാശപ്പെട്ട ഒന്നല്ല, അത് സ്ത്രീക്കുമാകാം എന്ന് വെളിപ്പെടുത്തുകവഴി സ്ത്രീകളെ സ്വാതന്ത്ര്യത്തിന്റെ ഏറ്റവും ഉയർന്ന തലത്തിലേക്ക് വളർത്തുകയാണ് പ്രവാചകൻ ചെയ്തത്.

എന്നാൽ സ്ത്രീകൾക്ക് ഇത്രമാത്രം സ്വാതന്ത്ര്യം പ്രദാനം ചെയ്ത പ്രവാചകൻ എന്തുകൊണ്ടാണ് സ്ത്രീകളെ മുഖ്യധാരയിൽനിന്നും അകറ്റാൻ ഇടയാക്കുന്ന 'പർദാ സമ്പ്രദായം' നടപ്പാക്കിയത്? പർദ കേവലം 'ശിരോവസ്ത്ര'മെന്ന രീതിയിലല്ല പകരം സ്ത്രീ ശരീരം ആപാദചൂഡം മറയ്ക്കുന്ന (മുഖം പോലും വെളിവാകാത്ത) ഒരു വസ്ത്രധാരണ രീതിയായി ഇപ്പോൾ മാറിയിരിക്കുന്നു. അന്യ പുരുഷന്മാരുടെ മുമ്പിൽ സ്ത്രീ സൗന്ദര്യം പ്രദർശിപ്പിക്കരുതെന്ന് ഖുർആൻ പറയുന്നു. പക്ഷേ അതിന് സ്ത്രീ ശരീരം പൂർണമായും ആവൃതമാകുന്ന ഒരു വസ്ത്രധാരണ രീതിയായിരുന്നുവോ പ്രവാചകൻ ഉദ്ദേശിച്ചിരുന്നത്? അല്ലെന്നാണ് ഖുർആൻ പണ്ഡിതന്മാരായ ചിലർ പറയുന്നത്. 'യുദ്ധത്തിൽ പോലും സ്ത്രീസാന്നിധ്യം അനുഭവിക്കുകയും സ്ത്രീയുടെ കാൽപാദത്തിലാണ് സ്വർഗം എന്ന് വിശേഷിപ്പിച്ചുകൊണ്ട് സ്ത്രീയുടെ പദവിയെ സമൂഹത്തിൽ ഉയർത്തുകയും ചെയ്ത പ്രവാചകൻ, സ്ത്രീയുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്ന ഇത്തരമൊരു വസ്ത്രധാരണം നിർദേശിക്കുകയില്ല എന്നാണ് ഇവരുടെ പക്ഷം. എന്തുതന്നെയായാലും 'ശിരോവസ്ത്രം' എന്നതിലുപരി സ്ത്രീശരീരത്തെ മൊത്തം മൂടുന്ന ഇന്നത്തെ പർദാ രീതി ഖുർആൻ വചനവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്നു കൂടി പരിശോധിക്കേണ്ടതാണ്.

അറിവാണ് സാമൂഹികമാറ്റത്തിന്റെ ചാലകശക്തി എന്നു തിരിച്ചറിയുകയും തന്റെ കർമമണ്ഡലത്തെ മുഴുവൻ അതുമായി നിബന്ധിച്ചു നിർത്താനും മുഹമ്മദ് നബി നടത്തിയ ശ്രമങ്ങളാണ് അദ്ദേഹത്തെ മറ്റു പ്രവാചകന്മാരിൽനിന്നും വേർതിരിച്ചു നിർത്തുന്നത്. വിശുദ്ധ ഖുർആൻ ആരംഭിക്കുന്നതുതന്നെ 'ദൈവത്തിന്റെ നാമത്തിൽ നീ വായിക്കുക' എന്നാവശ്യപ്പെട്ടുകൊണ്ടാണ്. വായനയെക്കുറിച്ചും തൂലികയെക്കുറിച്ചുമുള്ള വ്യക്തമായ അറിവ് നിരക്ഷരനായ വ്യക്തിയുടെ മനോമണ്ഡലത്തിൽ എങ്ങനെ ഉണ്ടായി എന്ന ചോദ്യം ചരിത്രത്തിലെ അത്ഭുതകരമായ ഒരു സമസ്യയിലേക്കാണ് നമ്മെ എത്തിക്കുന്നത്. അറിവ് നേടാൻവേണ്ടി പ്രപഞ്ചത്തിന്റെ ഏതറ്റം വരെ പോകാമെന്നും പ്രവാചകൻ ഉപദേശിക്കുന്നു. അറേബ്യൻ സമൂഹത്തിൽ പിന്നീട് ഉദയംകൊണ്ട വൈജ്ഞാനിക മണ്ഡലത്തിന്റെ എല്ലാ അടിത്തറയും അറിവിനെ സംബന്ധിച്ച പ്രവാചകന്റെ ഈ സിദ്ധാന്തത്തിലാണ് രൂഢമായിരിക്കുന്നത്. പ്രപഞ്ചത്തിന്റെ ധാരാളം പൊരുളുകൾ വിശുദ്ധ ഖുർആൻ നമുക്ക് പകർന്നുതരുന്നു. പിന്നീട് ശാസ്ത്രത്തിലൂടെ തെളിയിക്കപ്പെട്ടവയാണ് അവയെല്ലാം. ഇവയിലൂടെ കടന്നുപോവുമ്പോൾ അത്ഭുതാദരവുകളോടെ നാം ആ നിരക്ഷരതക്ക് മുമ്പിൽ ശിരസ്സ് നമിച്ചുപോകും.

അന്നത്തെ പ്രാകൃത സമൂഹിക വ്യവസ്ഥയിലേക്ക് സംസ്കാരത്തിന്റെ ആദി

ബീജത്തെ നിക്ഷേപിക്കാനും തുടർന്ന് വിഭിന്നമായ ഒരു സാംസ്കാരിക സവിശേഷതയുടെ വലിയൊരു ഹരിതലോകത്തെത്തന്നെ വളർത്തിയെടുക്കാനും മുഹമ്മദ് നബിക്ക് കഴിഞ്ഞു. ഇത് അക്കാലത്ത് ഏറെ പ്രയാസകരമായ ഒരു ദൗത്യമായിരുന്നു. ഹിംസ ഒരു ജീവിതരീതിയായി കരുതി അത് എല്ലാതലത്തിലും ന്യായീകരിക്കപ്പെടുന്ന ഒരുകാലത്ത് ഹിംസക്കെതിരായ ധീരമായ നിലപാടുകളാണ് പ്രവാചകൻ സ്വീകരിച്ചത്. അനിവാര്യമായ സന്ദർഭങ്ങളിൽ മാത്രം യുദ്ധം ചെയ്യുകയും അതിനു ശേഷം പരാജിതരോട് അന്നത്തെ യുദ്ധനയത്തിന് വിരുദ്ധമായി ദയയോടെ പെരുമാറിക്കൊണ്ട് ഒരു പുതിയ പെരുമാറ്റ രീതി നബി ആവിഷ്കരിച്ചു. അഹിംസയോടുള്ള ആത്യന്തികമായ പ്രതിബദ്ധതയാണ് പ്രവാചകനെ തികച്ചും നൂതനമായ ഒരു യുദ്ധനയം ആവിഷ്കരിക്കാൻ പ്രേരിപ്പിച്ചത്. ഇത് അറേബ്യയിലെങ്ങും സമാധാനം കൊണ്ടുവരാൻ ഇടയാക്കി.

വ്യക്തിമേധാവിത്വം, ഏകാധിപത്യമായി സമൂഹത്തിൽ അധീശത്വം പുലർത്തിയിരുന്ന ഒരു കാലത്ത് വ്യക്തിയുടെ അസ്തിത്വത്തെ സംബന്ധിച്ചും പുതുമയാർന്ന ദർശനങ്ങളാണ് മുഹമ്മദ് നബി ആവിഷ്കരിച്ചത്. ഇക്കൂട്ടത്തിൽ ഒരാളായി സ്വയംമാറിക്കൊണ്ട് വ്യക്തി സാന്നിധ്യത്തിന്റെ മേൽക്കോയ്മയെയാണ് മുഹമ്മദ് നബി നിരാകരിച്ചത്. മരണാനന്തരം തന്റേതടക്കം ഒരു ഖബ്റും പൂജിക്കപ്പെടരുതെന്ന് പ്രവാചകൻ നിഷ്കർഷിച്ചു; ഒന്നിൽ പോലും വ്യത്യസ്തത തോന്നിപ്പിക്കുന്ന അടയാളങ്ങളുണ്ടായിരിക്കരുതെന്നും. ഈ അനുശാസനങ്ങളും കാലത്തിന് വിരുദ്ധമായ ഒന്നായിരുന്നു. അതുകൊണ്ടുതന്നെ ഏറെ വിപ്ലവകരവും.

ജനങ്ങൾക്കിടയിൽ നിന്നും വസ്ത്രധാരണത്തിലൂടെയോ പെരുമാറ്റ രീതിയിലൂടെയോ വിഭിന്നനായി നിൽക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അവരിൽ ഒരാളായി ഇഴുകിച്ചേർന്നു. ഇത് സ്വതന്ത്രമായ ഒരു ജനാധിപത്യ മണ്ഡലത്തിന്റെ സ്വത്വ പ്രകടനമാണ്. അധികാരത്തിന്റെ ഉന്നത പീഠത്തിലെത്തിയിട്ടും ഒരു ജനാധിപത്യവാദിയുടെ രീതിയിലാണ് പ്രവാചകർ ഇടപെട്ടുകൊണ്ടിരുന്നത്. ജനങ്ങളുടെ ഇഛ പ്രകടിപ്പിക്കാനും അത് അറിയിക്കാനുമുള്ള അവസരങ്ങളെ മുഹമ്മദ് നബി എപ്പോഴും സജീവമാക്കിക്കൊണ്ടിരുന്നു.

മറ്റു മതങ്ങളെ ആദരിക്കാൻ വെമ്പൽ കൊള്ളുന്ന വിശാലമായ ഒരു കാഴ്ചപ്പാട് മുഹമ്മദ് നബി പല സന്ദർഭങ്ങളിലും പ്രകടിപ്പിക്കുകയുണ്ടായി. 'എനിക്ക് എന്റെ മതം, നിനക്ക് നിന്റെ മതം' എന്ന നിലപാടിനപ്പുറം മറ്റു മതങ്ങളുടെ അസ്തിത്വവും അനിവാര്യതയും പ്രവാചകൻ ഉൾക്കൊണ്ടിരുന്നു. ഇന്നത്തെ കാലത്തിന്റെ നിർവചനത്തിൽ തികച്ചും മതേതരമായ ഒരു സമീപനമായിരുന്നു അത്. "നാം എല്ലാവർക്കും ഓരോ നിയമവും മാർഗവും നിർദേശിച്ചിട്ടുണ്ട്. ദൈവം അങ്ങനെ നിശ്ചയിച്ചില്ലായിരുന്നുവെങ്കിൽ മാനവസമുദായമൊട്ടുക്കും ഒരു മതസ്ഥരാകുമായിരുന്നു. പ ക്ഷേ ദൈവം നിശ്ചയിച്ചത് മറ്റൊന്നാണ്. പല മാർഗങ്ങളിൽ കൂടിയും നിങ്ങളെ പരീക്ഷിക്കാൻ." മുഹമ്മദ് നബിയുടെ മതേതര കാഴ്ചപ്പാട് ഇതിൽനിന്നും വളരെ വ്യക്തമാകുന്നുണ്ട്. മൂല്യാധിഷ്ഠിതമായ ജീവിതത്തെ സംബന്ധിച്ച വളരെ വ്യക്തമായ പ്രബോധനങ്ങൾ മനുഷ്യസമൂഹത്തിന് നൽകിയ മുഹമ്മദ് നബി മറ്റു പ്രവാചകന്മാരിൽനിന്നും ഏറെ വിഭിന്നമാണ്. ഒരു ദർശനം പ്രബോധിപ്പിച്ചു പോകുന്നതിനു പകരം, അത് പ്രയോഗത്തിൽ വരുത്തി വിജയിപ്പിക്കാൻ പ്രവാചകന് കഴിഞ്ഞുവെന്നതാണ് ഏറെ സവിശേഷത.

എന്നാൽ അതിനു ശേഷമുള്ള ലോകത്തിന്റെ അവസ്ഥ എന്താണ്? മനുഷ്യസ

മൂഹത്തെ നന്മയിലേക്ക് നയിക്കാൻ വേണ്ടിയാണ് പ്രവാചകന്മാർ ഉദ്ബോധനം നടത്തിയിട്ടുള്ളത്. എന്നാൽ ഈ ഉദ്ബോധനങ്ങളെ മനുഷ്യസമൂഹം പൂർണമായി ഉൾക്കൊണ്ടിട്ടില്ലെന്നതാണ് പിൽക്കാല ചരിത്രം. അത്തരമൊരവസ്ഥ മുഹമ്മദ് നബിയുടെ ഉദ്ബോധനങ്ങൾക്കും അതിന്റെ പ്രയോഗവത്കരണത്തിലും ഉണ്ടായിട്ടുണ്ടോ എന്നു കൂടി അപഗ്രഥിക്കേണ്ടിയിരിക്കുന്നു. ഈ തരത്തിലുള്ള ഒരന്വേഷണം ഈ കാലത്തിന്റെ ആവശ്യം കൂടിയാണ്. മതപൗരോഹിത്യം എന്നൊന്ന് ഇസ്‌ലാമിലില്ല. എന്നാൽ പിൽക്കാലത്ത് അതിന്റെ പ്രഛന്ന രൂപങ്ങൾ മതത്തിലേക്ക് കടന്നുവന്നു എന്നത് യാഥാർഥ്യമാണ്. ജ്ഞാനമണ്ഡലത്തിലെ ഏറ്റവും തിളക്കമാർന്ന ഒരധ്യായമായി ഇസ്‌ലാം നിൽക്കുമ്പോഴും, ജ്ഞാനത്തിന്റെ വെളിച്ചം തിരസ്കരിക്കപ്പെട്ട ഒരു സമൂഹമായി ഇതു മാറി എന്നത് ഒരു വിപര്യയമാണ്. മതത്തിലെ പ്രഛന്ന രൂപികളായ പൗരോഹിത്യമാണ് ഇതിനിടയാക്കിയത്. മുഹമ്മദ് നബിയുടെ പ്രബോധനങ്ങളുടെ സത്തയെ കാലത്തിന്റെ വെളിച്ചത്തിൽ വായിക്കുന്നതിനു പകരം വാക്കുകളുടെ കേവല അർഥത്തിൽ നിർവചനങ്ങളെ പരിമിതപ്പെടുത്താൻ ഇവർ ശ്രമിച്ചു. അതുകൊണ്ടുതന്നെ ആധുനിക വിദ്യാഭ്യാസ സമ്പ്രദായമടക്കം പലതും ഈ മതത്തിൽ പെട്ടവർക്ക് നിഷേധിക്കപ്പെട്ടു. സമീപകാലത്താണ് ഇതിൽ മാറ്റമുണ്ടായിട്ടുള്ളത്. എങ്കിലും പൗരോഹിത്യത്തിന്റെ പ്രഛന്ന അടയാളങ്ങൾക്ക് ഇന്നും മുസ്‌ലിംകൾക്കിടയിൽ പ്രബലമായ സ്ഥാനമാണുള്ളത്.

തികച്ചും ജനകീയനായി, ജനാധിപത്യത്തിന്റെ അതിരില്ലാത്ത സ്വാതന്ത്ര്യം തന്റെ അനുയായികൾക്ക് അനുവദിച്ചുകൊടുത്ത മഹദ്‌വ്യക്തിയാണ് മുഹമ്മദ് നബി. എന്നാൽ പ്രവാചകന്റെ ദർശനങ്ങളുടെ അടിത്തറയിൽ രൂപംകൊണ്ട ഭരണകൂടങ്ങളിൽ ഏറെയും സമ്പൂർണ ജനാധിപത്യം ഇന്നും അന്യമാണ്. പ്രവാചകന്റെ പ്രബോധനങ്ങൾ പിന്തുടരാൻ ഇസ്‌ലാമിക ഭരണകൂടങ്ങൾ ശ്രമിക്കാറുണ്ടെങ്കിലും പ്രവാചകൻ മുന്നോട്ടുവെച്ച ജനാധിപത്യ ദർശനമോ നിരാഡംബര ജീവിതശൈലിയോ പ്രയോഗത്തിൽ വരുത്താൻ ഇവർ ഏറെയൊന്നും ശ്രമിക്കുന്നില്ല. പ്രവാചകന്റെ മതകാർക്കശ്യങ്ങളില്ലാത്ത കാഴ്ചപ്പാടു പോലും ഉൾക്കൊള്ളാൻ ഇത്തരം ഭരണകൂടങ്ങൾക്ക് കഴിയുന്നില്ല. എല്ലാ മതങ്ങൾക്കും തുല്യ അവസരങ്ങളും അവകാശങ്ങളുമെന്നതായിരുന്നു പ്രവാചകന്റെ നിലപാട്. തന്നോട് സംസാരിക്കാൻ വേണ്ടി തന്റെ ആരാധനാലയത്തിൽ എത്തിയ മറ്റു മതസ്ഥരോട് അവിടെവെച്ചുതന്നെ തങ്ങളുടേതായ രീതിയിൽ ആരാധന നടത്താൻ പ്രവാചകൻ സൗകര്യമൊരുക്കുകയായിരുന്നു. ഇത് മുഹമ്മദ് നബിയുടെ മതേതര ദർശനത്തെക്കുറിച്ചുള്ള ഏറ്റവും ശക്തമായ ഒരു വെളിപാട് കൂടിയാണ്. എന്നാൽ ഇന്ന് ലോകത്തിലെ ഭൂരിപക്ഷ ഇസ്‌ലാമിക ഭരണകൂടങ്ങളിലൊന്നും ഇത്തരം കാഴ്ചപ്പാടുള്ളവയല്ല. അവിടെ ഇതര മതങ്ങൾക്ക് തുല്യ അവസരങ്ങളും സ്വാതന്ത്ര്യങ്ങളും നിഷേധിക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഏറ്റവും പുതിയ മതമാണ് ഇസ്‌ലാം. മറ്റു മതങ്ങളിലെ പിഴവുകൾ തിരുത്തി രൂപംകൊണ്ട മതമാണ് എന്ന വിശേഷണവുമുണ്ട്. ഇനി പുതിയൊരു മതമോ പുതിയൊരു പ്രവാചകനോ ഉണ്ടാവുകയില്ല. അതുകൊണ്ടുതന്നെ മനുഷ്യചരിത്രത്തെ മൂല്യബോധത്തിലേക്ക് നയിക്കേണ്ട വലിയൊരു ഉത്തരവാദിത്വം പ്രവാചകന്റെ അനുയായികൾക്കുണ്ട്. സ്വന്തം ജീവിതത്തിലൂടെ പ്രവാചകൻ അത് കാണിച്ചുതന്നു. മുഹമ്മദ് നബി, വഴിയും പ്രകാശവുമായിത്തീരുകയാണ്. സഹനത്തിന്റെയും സാഹോദര്യത്തിന്റെയും വലിയൊരു മാതൃകയായി പ്രവാചകൻ മുന്നിൽ നിൽക്കുന്നു. ■